## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4609** **10-08-2021 - ൽ മറുപടിയ്ക്ക്**

## കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാർ പുനരുദ്ധാരണ പാക്കേജായി കെ.എസ്.ആർ.ടി.സി. ക്ക് ഓരോ വർഷവും എത്ര തുകവീതമാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുന്നതിനായി നിയോഗിച്ച പ്രൊഫ. സുശീൽ ഖന്ന പുനരുദ്ധാരണ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.യുടെ വായ്പാ ബാധ്യതയിലെ ഭീമമായ പ്രതിദിന തിരിച്ചടവ് ഒഴിവാക്കുന്നതിനായി കൂടിയ പലിശനിരക്കിലും കുറഞ്ഞ കാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി എടുത്തിട്ടുണ്ടായിരുന്ന 3100 കോടി രൂപയുടെ വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റിയിരുന്നു. ഇതിന്റെ ഫലമായി വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം ചെലവാക്കിയിരുന്ന തുകയിൽ നിന്ന് ഗണ്യമായ തുക ലാഭിക്കുവാൻ കഴിഞ്ഞു. കൂടാതെ കോർപ്പറേഷന് സ്വന്തം നിലയിൽ പ്രതിമാസ വരുമാനം വിനിയോഗിച്ച് പെൻഷൻ വിതരണം ചെയ്യാൻ കഴിയാത്ത സ്ഥിതിയായതിനാൽ സർക്കാർ മുൻകൈയെടുത്ത് സഹകരണ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച്, പൂർണ്ണമായും സർക്കാർ സാമ്പത്തിക സഹായത്തോടെ സഹകരണ സംഘങ്ങൾ വഴി പെൻഷൻ വിതരണം ചെയ്തുവരുന്നു. കെ.എസ്.ആർ.ടി.സി.യ്ക്ക് വിവിധ ആവശ്യങ്ങൾക്കായി സർക്കാർ വായ്പായിനത്തിൽ 2016-17 വർഷം 305 കോടി രൂപ, 2017-18 വർഷം 835 കോടി രൂപ, 2018-19 വർഷം 1,056.35 കോടി രൂപ, 2019-20 വർഷം 988.36 കോടി രൂപ, 2020-21 വർഷം 1,739.85 കോടി രൂപ എന്നീ തുകകൾ അനുവദിച്ചിട്ടുണ്ട്. പദ്ധതി വിഹിതമായി 2016-17 വർഷം 40.61 കോടി രൂപ, 2018-19 വർഷം 5.60 കോടി രൂപ, 2020-21 വർഷം 2.73 കോടി രൂപ എന്നീ തുകകളും അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം കെ.എസ്.ആർ.ടി.സി.യിലെ ശമ്പളം, പെൻഷൻ, മറ്റ് ചെലവുകൾ, പദ്ധതി വിഹിതം തുടങ്ങിയ |

| | | | |
|---|---|---|---|
| | | | ഇനങ്ങൾക്കായി സർക്കാർ 2016-17 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ ആകെ 4973.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ